LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം നഗരത്തിലെ വൈദ്യുതി വിതരണം

18 [1697] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്താനായി വൈദ്യുതി ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരത്ത് വട്ടിയൂർക്കാവിനു സമീപം വി.എസ്.എസ്.സി.-യിൽ സ്ഥാപിക്കുന്ന പുതിയ സബ്സ്റ്റേഷനിലേക്ക് മണ്ണാമൂല വഴി ലൈൻ വലിക്കാനുള്ള സംരംഭം തദ്ദേശവാസികളുടെ നിവേദനം പരിഗണിച്ച് കേബിൾ മുഖേനയാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തലസ്ഥാനത്തെ വൈദ്യുതി വിതരണം മെച്ചപ്പെടുത്താനുള്ള മാസ്റ്റർ പ്ലാൻ വർക്കുകളിൽ ഉൾപ്പെട്ട 120 കി.മീ. 11 കെ. വി. കേബിൾ സ്ഥാപിക്കുന്നതും 207 റിംഗ് മെയിൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതും പൂർത്തിയായി. ഇവയ്ക്കുള്ള റിമോട്ട് കൺട്രോൾ സംവിധാനം സജ്ജമായി വരുന്നു. എ.പി.ഡി.ആർ.പി. സ്കീമിൽ പുതുതായി 9.65 കി.മീ. 11 കെ. വി. ലൈൻ, 18 പുതിയ ട്രാൻസ്ഫോർമറുകൾ, 128.5 കി.മീ. എൽ.ടി. ലൈൻ എന്നിവ സ്ഥാപിക്കുന്നതും 134 കി. മീ. ലൈനിന്റെ ശേഷി കൂട്ടുന്നതും ഇപ്പോൾ നടപ്പിലാക്കിവരുന്നു. നഗരത്തിലെ വൈദ്യുതി തകരാറുകൾ വേഗത്തിൽ പരിഹരിക്കുന്നതിന് 7 മൊബൈൽ സ്ക്വാഡുകളും ഉപഭോക്താക്കൾക്ക് വൈദ്യുതി തകരാറുകളെപ്പറ്റി അറിയിച്ച് പരിഹാരം തേടുന്നതിനായി കേന്ദ്രീകൃത ട്രബിൾ കോൾ മാനേജ്മെന്റ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. ഈ ഏർപ്പാട് പ്രകാരം നഗരത്തിലെ 21 സെക്ഷനുകൾക്ക് കീഴിലുള്ള ഉപഭോക്താക്കൾക്ക് '1912' എന്ന ഫോണിൽ വിളിച്ച് തകരാറുകൾ പരിഹരിക്കാവുന്നതാണ്.

(ബി) മാസ്റ്റർ പ്ലാൻ വൈദ്യുതീകരണ പദ്ധതിയുടെ കീഴിൽ തലസ്ഥാനത്ത് പവർഹൗസിലും നിയമസഭാ കോംപ്ലക്സിലും ഓരോ 66 കെ.വി. ജി.ഐ.എസ്. സബ് സ്റ്റേഷൻ സ്ഥാപിക്കാനും അതിനോടനുബന്ധിച്ച് 16 കി.മീ. 66 കെ.വി. ഭൂഗർഭ കേബിൾ ഇടാനുമുള്ള പണികൾ പുരോഗമിച്ചുവരുന്നു. 15 കി.മീ. കേബിൾ ഇടുന്ന

പണി പൂർത്തിയായി. ജി.ഐ.എസ്. സബ് സ്റ്റേഷനുകളുടെ പണി അവസാന ഘട്ടത്തിലാണ്. കൂടാതെ എ.പി.ഡി.ആർ.പി. ടൗൺ പദ്ധതിയുടെ കീഴിൽ വേളി, മെഡിക്കൽ കോളേജ്, തിരുമല, പരുത്തിപ്പാറ എന്നീ സബ് സ്റ്റേഷനുകളിൽ 71 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പളളിപ്പുറം-പോത്തൻകോട്-കാട്ടാക്കട 220 കെ. വി. ലൈൻ, കാട്ടാക്കട 220 കെ. വി. സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ തിരുവനന്തപുരം നഗരത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടും.

(സി) കേബിൾ മുഖേന ആക്കുന്നതിനുള്ള ചെലവ് വളരെ കൂടുതലായതിനാൽ പരിഗണനയിലില്ല.

പന്തളത്ത് പുതുതായി 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം

19 [1698] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളത്ത് പുതുതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 33 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പന്തളം പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ സബ്സ്റ്റേഷന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സബ്സ്റ്റേഷനുവേണ്ടിയുള്ള സ്ഥലം ലഭ്യമാകാത്തതുകൊണ്ടാണ് പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാത്തത്. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി) സ്ഥലം ലഭിച്ചുകഴിഞ്ഞാൽ ഉടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പണിയാരംഭിച്ച് ആറു മാസത്തിനകം പ്രസ്തുത സബ്സ്റ്റേഷൻ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly